LIBRARY ARCHIVES Kerala Legislative Assembly

പരിപാടികളിൽ ഓൺലൈനിലാണ് പരാതികൾ സ്വീകരിച്ചിരുന്നത്. 'കരുതൽ 2015'-ൽ അപേക്ഷകൾ സ്വീകരിച്ചത് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയായിരുന്നതിനാൽ അപേക്ഷകർക്ക് ഡോക്കറ്റ് നമ്പർ ലഭിക്കുകയും ടി നമ്പർ ഉപയോഗിച്ച് അപേക്ഷകന്റെ തൊട്ടടുത്തുള്ള അക്ഷയകേന്ദ്രംവഴി അപേക്ഷയുടെ സ്ഥിതി അറിയുന്നതിന് സംവിധാനവും ഒരുക്കിയിരുന്നു. പൊതുജനങ്ങളുടെ വിവിധങ്ങളായ പരാതികൾക്ക് പരിഹാരം കാണുന്നതിനും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ കടുത്ത ശാരീരിക അവശത അനുഭവിക്കുന്ന ആദിവാസികളടക്കമുള്ള രോഗികളായ അപേക്ഷകരെ അവരുടെ വീടുകളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും പരമാവധി ധനസഹായം അനുവദിക്കുകയും ചെയ്യുന്നതിന് സംവിധാനമൊരുക്കിയതും മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയുടെ സവിശേഷതയായിരുന്നു. ഒന്നും രണ്ടും ഘട്ടങ്ങളിൽനിന്നും വ്യത്യസ്തമായി ധനസഹായമായി അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് മുഖേന നൽകിവരുന്നതും 'കരുതൽ 2015'-ന്റെ സവിശേഷതയാണ്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 170-ൽപരം ജനോപകാരപ്രദങ്ങളായ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പരാതികൾക്ക് പരിഹാരം കാണുന്നതിന് ഭരണപരമായ ചില നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതായോ അയവ് വരുത്തേണ്ടതായോ ഉണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 45 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജനസമ്പർക്ക പരിപാടികളിൽ സമർപ്പിക്കപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാതല ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിക്കുകയും ജില്ലാതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റി യോഗങ്ങളും അവലോകനയോഗങ്ങളും നടത്തി സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി വരുന്നുണ്ട്. പരാതികൾ പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനം ആവശ്യമുള്ളവയിൽ ബന്ധപ്പെട്ട ജില്ലാതല ഓഫീസർമാർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

ജനസമ്പർക്ക പരിപാടി

17(5597) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-ൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം എത്ര ; ഇവയിൽ എത്ര എണ്ണം പരിഹരിക്കപ്പെട്ടു ;

(ബി) ആകെ ലഭിച്ചതിൽ എത്ര ശതമാനം പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു :

(സി) 2011-ൽ നടന്ന ജനസമ്പർക്ക പരിപാടിക്ക് വിവിധ ഇനങ്ങളിലായി ആകെ എത്ര രൂപ ചെലവായി ?

ഉത്തരം

(എ) 2011-ൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ആകെ 550001 അപേക്ഷകൾ ലഭിച്ചു. അതിൽ 533556 അപേക്ഷകൾ പരിഹരിക്കപ്പെട്ടു.

(ബി) 97% പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 2011-ൽ നടന്ന ജനസമ്പർക്ക പരിപാടിക്ക് വിവിധ ഇനങ്ങളിലായി ആകെ 4,42,64,737 രൂപ ചെലവായി.

ജനസമ്പർക്ക പരിപാടി

18(5598) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനസമ്പർക്ക പരിപാടികളിൽ വിവിധ ജില്ലകളിലായി എത്ര പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതികളിൽ എത്ര എണ്ണമാണ് കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയിൽ എത്ര പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) വിവിധ ജില്ലകളിലായി 173 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 10 പദ്ധതികളാണ് കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

(സി&ഡി) പ്രസ്തുത പദ്ധതികൾ വിവിധ വകുപ്പുകളുടെ പരിഗണനയിലാണ്. ഇവയിൽ പലതും നടന്നുകൊണ്ടിരിക്കുന്നതും ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly